ഉത്തരം

(എ) ജില്ല തിരിച്ചുള്ള വിവരം താഴെ കൊടുക്കുന്നു:

തിരുവനന്തപുരം	..	535
കൊല്ലം	..	69
പത്തനംതിട്ട	..	2
ആലപ്പുഴ	..	26
കോട്ടയം	..	36
ഇടുക്കി	..	28
എറണാകുളം	..	119
തൃശ്ശൂർ	..	33
പാലക്കാട്	..	63
മലപ്പുറം	..	143
കോഴിക്കോട്	..	20
വയനാട്	..	39
കണ്ണൂർ	..	38
കാസർകോഡ്	..	58
ആകെ		1209 സ്കൂളുകൾ

(ബി) ഉണ്ട്.

(സി) 2005 അദ്ധ്യയനവർഷാരംഭത്തിൽ തന്നെ ഓലഷെഡുകൾ മാറ്റി പെർമനന്റ്/സെമി പെർമനന്റ് കെട്ടിടങ്ങൾ നിർമ്മിക്കുവാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്.

ഓലഷെഡുകളിൽ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ നവീകരിക്കാൻ നടപടി

112 [711] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ഓലഷെഡുകളിൽ പ്രവർത്തിക്കുന്ന നഴ്സറി സ്കൂളുകൾ, അംഗൻവാടികൾ, സ്കൂളുകൾ എന്നിവയുടെ മേൽക്കൂര പുതുക്കി പണിയുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ കുംഭകോണ ദുരന്തത്തിനുശേഷം കേരളത്തിൽ എത്ര സ്കൂളുകൾക്കും അംഗൻവാടികൾക്കും, നഴ്സറി സ്ക്കൂളുകൾക്കും കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുകയോ ഓലമേൽക്കൂര മാറ്റി നിർമ്മിക്കുകയോ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) സുരക്ഷിതമല്ലാത്തതും ഓലഷെഡുകളിൽ പ്രവർത്തിക്കുന്നതുമായ ക്ലാസ്സുമുറികൾ പെർമനന്റ്/സെമി പെർമനന്റ് കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള പണി അടുത്ത (2005-06) അദ്ധ്യയന വർഷാരംഭത്തിന് മുൻപ് പൂർത്തിയാക്കാൻ വേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ ചട്ടങ്ങളിൽ ഇതിനാവശ്യമായ ഭേദഗതികൾ വരുത്തികൊണ്ട് ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്.

എസ്. എസ്. എ. സ്കീമിൽ 488 ഓലമേഞ്ഞ മേൽക്കൂരകൾ ഇതിനകം മാറ്റി നിർമ്മിച്ചിട്ടുണ്ട്.

തിരുവനന്തപുരം നഗരത്തിൽ ഐ. എച്ച്. ആർ. ഡി. പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ

113 [712] ശ്രീ. കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങലൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ ഐ. എച്ച്. ആർ. ഡി. യുടെ പ്രവർത്തനത്തിനായി എത്ര വാടക കെട്ടിടങ്ങൾ/ഇതരസ്ഥാപനങ്ങളിൽ നിന്ന് താൽക്കാലിക അനുമതിയോടെ ഏറ്റെടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളും ആഫീസുകളും സ്വന്തം മന്ദിരങ്ങളിലേക്ക് മാറ്റാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുവെന്ന് വിശദമാക്കാമോ;

(സി) മണ്ണന്തല ഗവൺമെന്റ് പ്രസ്സ് കോമ്പൗണ്ടിനോട് ചേർന്ന് ഉള്ളൂർ വില്ലേജിൽ എം. സി. റോഡരികിലുള്ള വിദ്യാഭ്യാസ വകുപ്പിന്റെ സ്വന്തം ഭൂമി എച്ച്. ആർ. ഡി. മന്ദിരങ്ങൾ പണിയിക്കാനായി അനുവദിച്ച് നൽകാൻ നടപടി സ്വീകരിക്കുമോ;

(ഡി) ചെറുവയ്ക്കൽ വില്ലേജിൽ, തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിന്റെ കിഴക്ക് ഭാഗത്ത് വദ്യാഭ്യാസ വകുപ്പിനായി 1987-ൽ അനുവദിച്ച മൂന്നേക്കറോളം ഭൂമി, ഐ. എച്ച്. ആർ. ഡി. സ്ഥാപനങ്ങൾക്കായി അനുവദിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം നഗരത്തിൽ, മെഡിക്കൽ കോളേജ് പുതുപ്പള്ളി ലെയിനിൽ ഐ. എച്ച്. ആർ. ഡി. യുടെ റീജണൽ സെന്ററിന്റെ പ്രവർത്തനത്തിനും, വഴുതക്കാട് ഐ. എച്ച്. ആർ. ഡി. യുടെ ഹെഡ് ഓഫീസിന്റെ പ്രവർത്തനത്തിനുമായി രണ്ട് കെട്ടിടങ്ങൾ വാടകയ്ക്ക് എടുത്തിട്ടുണ്ട്. ഇതുകൂടാതെ കുടപ്പനക്കുന്ന് പഞ്ചായത്തിലെ കുശവർക്കൽ യു. പി. സ്ക്കൂളിന്റെ ഒരു കെട്ടിടവും തിരുവനന്തപുരം കോർപ്പറേഷനിലെ മുട്ടടയിലുള്ള മുട്ടട എൽ. പി. എസ്സിന്റെ ഒരു കെട്ടിടവും ഐ. എച്ച്. ആർ. ഡി. യുടെ കുടപ്പനക്കുന്ന് ടെക്നിക്കൽ ഹയർ സെക്കന്ററി സ്ക്കൂളിന്റെ പ്രവർത്തനത്തിനായി വിദ്യാഭ്യാസ വകുപ്പിൽ നിന്നും താൽക്കാലിക അനുമതിയോടെ ഏറ്റെടുത്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly